വിസ്തൃതി കുറച്ചുകൊണ്ടും പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ ഒരു നിർദ്ദേശം നൽകുവാൻ ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഏജൻസിയെ സംസ്ഥാനവൈദ്യുതി ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 2001 ജൂൺ മാസത്തോടുകൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രസർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി മുമ്പാകെ ടി നിർദ്ദേശം കൂടി നല്കുക എന്ന ലക്ഷ്യത്തോടെയാണ് മേൽപ്പറഞ്ഞ പഠനം ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഏല്പിച്ചിരിക്കുന്നത്. പ്രസ്തുത പഠനം തീരുന്ന മുറയ്ക്ക് മൂന്നംഗ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കാനാകും.

വൈദ്യുതി ബോർഡിന്റെ റിസർവ് ഫണ്ട്

65 (1217) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിലെ 31-3-2000-ലെ കണക്കനുസരിച്ചുള്ള റിസർവ് ഫണ്ട് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ റിസർവ് ഫണ്ട് എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നതെന്നും അതിന്റെ വാർഷികാദായം എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ ഫണ്ടിന്റെ പലിശ ക്രമം എത്രയാണ് ;

(ഡി) വൈദ്യുതി ബോർഡിന് ആവശ്യമായ റിസർവ് ഫണ്ട് നിലവിലുള്ളപ്പോൾ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

ഉത്തരം

(എ) 31-3-2000-ലെ താൽക്കാലിക കണക്കനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ റിസർവ് ഫണ്ട് 324.41 കോടി രൂപയാണ്.

(ബി-സി) ഈ റിസർവ് ഫണ്ട് ഒരിടത്തും നിക്ഷേപിച്ചിട്ടില്ല. ജീവനക്കാരുടെ പി.എഫ്. ശമ്പളത്തിൽനിന്നും പിടിക്കുന്നതും അതിൽ നിന്നും നൽകുന്നതുമായ ലോൺ തുടങ്ങിയ തുകകളുമാണ് പ്രധാനമായും ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുകയും കൂടി കണക്കിലെടുത്താണ് എല്ലാ വർഷവും പദ്ധതി പ്രവർത്തനത്തിനുള്ള ആഭ്യന്തര വിഭവ സമാഹരണം കണക്കാക്കുന്നത്. ഏറ്റവും ഒടുവിൽ 5/99-ലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. വൈദ്യുതിയുടെ ഉല്പാദനച്ചെലവും വില്പനവിലയും തമ്മിൽ ഗണ്യമായ അന്തരം നിലനിന്ന സാഹചര്യത്തിലാണ് വർദ്ധനവ് ഏർപ്പെടുത്തിയത്. വർദ്ധിച്ച വിലയുള്ള വൈദ്യുതി എൻ.റ്റി.പി.സി. മുതലായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടി വരുന്നത് ; ഉല്പാദനച്ചെലവിന്റെ വർദ്ധനവിന് ഒരു കാരണമാണ്. വരുമാന കമ്മി ഒരു പരിധിവരെ കുറയ്ക്കുവാനാണ് വൈദ്യുതി നിരക്കുകൾ പരിഷ്ക്കരിക്കേണ്ടിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly